പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2477

09.12.2014 - ൽ മറുപടിക്ക്

## നിർമ്മാണ മേഖലയിലെ പ്രതിസന്ധികൾ

ചോദ്യം

ശ്രീ. എളമരം കരീം
ശ്രീ. പി.കെ. ഗുരുദാസൻ
ശ്രീ. സി. കൃഷ്ണൻ
ശ്രീമതി. കെ.കെ. ലതിക

മറുപടി

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തെ നിർമ്മാണ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ; | (എ) ഉണ്ട്. ആവശ്യമായ അസംസ്കൃത വസ്തുക്കൾ സുഗമമായി ലഭ്യമാകാതെ വരുന്നതാണ് ഇന്ന് സംസ്ഥാനത്തെ നിർമ്മാണ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധി. അസംസ്കൃത വസ്തുക്കളുടെ ഖനനത്തിനുള്ള പാരിസ്ഥിതിക അനുമതി സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, ബഹു. സുപ്രീം കോടതി, ദേശീയ ഹരിത ട്രൈബ്യൂണൽ എന്നിവയുടെ ഉത്തരവുകളും നിർമ്മാണ മേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. |
| (ബി) നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തു നിന്നും ക്രിയാത്മകമായ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. എന്നാൽ ഇപ്രകാരമുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി ഹ്രസ്വകാല ഖനന പെർമിറ്റുകൾ സമ്പാദിക്കുന്നതിനുള്ള പാരിസ്ഥിതികാനുമതി നേടിയെടുക്കുന്നതിനായി ക്വാറി ഉടമകൾക്ക് ഒരു വർഷത്തെ സാവകാശം നൽകി കൊണ്ടുള്ള ഉത്തരവ് ഗവൺമെന്റ് 10/01/2014-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ പ്രോത്സാഹനത്തോടുകൂടി വിദേശത്തുനിന്നും, അന്യ സംസ്ഥാനങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്തു വരുന്നു. കൂടാതെ കേരളത്തിലെ ഡാമുകളിൽ നിന്നും മണൽ നീക്കം ചെയ്യുന്നതിനുള്ള ടെൻഡർ നടപടികളിൽ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് |

| | | |
|---|---|---|
| | | റിപ്പോർട്ട് സമർപ്പിക്കുവാൻ സെക്രട്ടറിതല സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | നിർമ്മാണ മേഖലയിലെ പ്രതിസന്ധി സംസ്ഥാനത്തിന് ഏതെല്ലാം തരത്തിൽ ദോഷകരമായി ബാധിക്കുന്നുവെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ; നിർമ്മാണ സാമഗ്രികൾക്കും അസംസ്കൃത വസ്തുക്കൾക്കുമുണ്ടായ വില വർദ്ധന വിലയിരുത്തിയിട്ടുണ്ടോ ; | (സി) ഉണ്ട് നിർമ്മാണ മേഖലയിലെ പ്രതിസന്ധി കാരണം അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും വില വർദ്ധനവും, തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ഡി) | പ്രതിസന്ധി മൂലം ഈ മേഖലയിലെ തൊഴിലാളികളുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ഡി) കേരള സംസ്ഥാന നിർമ്മാണ തൊഴിലാളി ട്രേഡ് യൂണിയനുകളുടെ 17-06-2014-ലെ അവകാശ പ്രഖ്യാപന രേഖയിലെ ആവശ്യ ങ്ങളിൽ തീരുമാനമെടുത്തു വരുന്നു. ധാതുക്കളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും പ്രതിസന്ധി പരിഹരിക്കുന്നതിനുമായി ചെറുകിട ധാതുക്കളുടെ ലൈസൻസ് അനുവദി ക്കുന്നതിനുള്ള പാരിസ്ഥിതികാനു മതിയുടെ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.